ശ്രീ. എസ്. ത്യാഗരാജൻ: പ്രൈവറ്റ് കോളേജുകളിലെ മിനിസ്റ്റീരിയൽ സ്റ്റാഫിന് മറ്റുള്ളവർക്ക് പൊതുവേ അംഗീകരിച്ചിട്ടുള്ള പല ആനുകൂല്യങ്ങളും അനുവദിച്ചിട്ടില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ അക്കാര്യത്തിൽ എന്തെങ്കിലും നടപടിയെടുക്കുമോ?

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: ശ്രദ്ധയിൽപ്പെട്ടിട്ടില്ല

ശ്രീ. പി.ആർ. ഫ്രാൻസിസ്: ലൈബ്രേറിയൻമാരുടെയും ഉദ്യോഗസ്ഥൻമാരുടെയും പ്രവർത്തനങ്ങൾ കാർഷികരംഗത്തേക്കു തിരിച്ചുവിടുകയും പുസ്തകകോർണർ തുടങ്ങിയ പ്രചരണങ്ങൾ ധാരാളമായി ഉണ്ടായിരിക്കുകയും ചെയ്യുന്ന ഈ കാലത്ത് ഇവരുടെകാര്യം കൂടുതൽ ശ്രദ്ധിക്കുകയും കൂടുതൽ ആനുകൂല്യങ്ങൾ അനുവദിക്കുകയും ചെയ്യുമോ?

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: ഇത് ലൈബ്രേറിയൻമാരെക്കുറിച്ചുള്ള പ്രോഭ്യമാണ്.

പാർട്ടൈം സർവ്വീസുകൂടി പെൻഷന് കണക്കാക്കാൻ നിർദ്ദേശം

* 660 [718] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ഫുൾടൈം സർവ്വീസ് 10 വർഷം തികയാതെ വന്നാൽ മിനിമം പെൻഷന് അർഹതയില്ലെന്ന കാര്യം പരിഗണിച്ച് ഇത്തരം അദ്ധ്യാപകരുടെ പാർട്ടൈം സർവ്വീസ് കൂടി പെൻഷൻ ലഭിക്കുന്നതിനുവേണ്ടി കണക്കാക്കുവാൻ ഗവൺമെൻറ് തയ്യാറാവുമോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ): നിർവ്വാഹമില്ല.

ശ്രീ. കെ.പി. രാമൻ: പത്തുവർഷം തികയാത്തതുകൊണ്ട് പെൻഷൻ കിട്ടാത്ത പല അദ്ധ്യാപകർക്കും പത്തുവർഷം തികയുന്നതിന് എത്രാനും ദിവസങ്ങളുടെമാത്രം കുറവേ ഉള്ളൂ. അങ്ങനെയുള്ളവരുടെയെങ്കിലും കാര്യം പരിഗണിക്കുമോ?

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: അങ്ങനെ പരിഗണിക്കുന്നതുകൊണ്ട് പല വിഷമങ്ങളും ഉണ്ടാകും.

ശ്രീ. കെ.പി. രാമൻ: കെ.ഇ.ആർ. 14.ബി അനുസരിച്ച് വർക്കു ചെയ്ത അദ്ധ്യാപകർ (പ്രൈവറ്റ് സ്കൂൾ) റിട്ടയർ ചെയ്തപ്പോൾ പത്തുവർഷം തികയാത്തതുകൊണ്ട് പെൻഷൻകിട്ടുന്നില്ലെന്നുമാത്രമല്ല അഞ്ചുവർഷത്തെ ശമ്പളം തിരിച്ചടയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പല ടീച്ചേഴ്സിനും സർക്കാരിൽനിന്നും ഉത്തരവുകൾ കൊടുത്തിട്ടുണ്ട്. ചില കേസുകളെല്ലാം മന്ത്രിക്കും അറിയാമെന്നാണ് ഞാൻ വിചാരിക്കുന്നത്. അത്തരക്കാരെയെങ്കിലും ഒഴിവാക്കുന്നകാര്യം പരിഗണിക്കുമോ?

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: ഇൻഡിവിഡ്വൽ കേസുകൾ പരിശോധിച്ചു വേണ്ടതു ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ലോനപ്പൻ നമ്പാടൻ: പാർട്ട്ടൈം—ഫുൾടൈം ഉൾപ്പെടെ പത്തു മുപ്പത്തു കൊല്ലം സർവ്വീസ് ഉള്ള അദ്ധ്യാപകർ മാർച്ച് 31-ാം തീയതി റിട്ടയർ ചെയ്യുകയാണ്. അവർക്ക് ഏറ്റവും ചുരുങ്ങിയ പെൻഷനെങ്കിലും കൊടുക്കുന്ന കാര്യം ആലോചിക്കുമോ?

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: പത്തുവർഷം തികയാതെവന്നാൽ പെൻഷൻ കൊടുക്കാൻ നിവൃത്തിയില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് ഈ ചോദ്യത്തിൽ നിന്നുൽഭവിക്കുന്ന ചോദ്യമല്ല.

സംഗീത അദ്ധ്യാപകർ

* 661 [719] ശ്രീ. സി.എ. കുര്യൻ:
,, ഇ. കെ. പിള്ള:
,, പി. ശങ്കർ:
,, എ.എൻ. യൂസഫ്:
,, എം.കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ജി.ടി. സംഗീതം ഹയർ പാസായി ഹൈസ്ക്കൂളിൽ സംഗീത അദ്ധ്യാപകരായി ജോലി നോക്കുന്നവരെ കാളിഫൈഡ് അദ്ധ്യാപകരായി അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ):

(എ) ഇല്ല.

(ബി) കെ.ഇ.ആർ. പ്രകാരം എം.ജി.ടി. സംഗീതം ഹയർ ഹൈസ്ക്കൂളുകളിൽ സംഗീതാദ്ധ്യാപക നിയമനത്തിന് അംഗീകരിക്കപ്പെട്ട യോഗ്യതയല്ല.

ശ്രീ. സി.എ. കുര്യൻ: ആയുസ്സിനും ആരോഗ്യത്തിനും സംഗീതാസ്വാദനം നല്ലതാണെന്ന് ലോകമൊട്ടാകെ അംഗീകരിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ കേരളത്തിലെ പ്രൈമറി സ്ക്കൂളുകളിൽ സംഗീതാദ്ധ്യാപകരെ നിയമിച്ച് ഭാവിതലമുറയെ സംഗീതാസ്വാദനത്തിൽ തൽപ്പരരാക്കാൻ വേണ്ടതു ചെയ്യുമോ?

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: വളരെ സാമ്പത്തികമായ ബാധ്യതയുള്ള ഒരു കാര്യമാണത്. പെട്ടെന്ന് ഇവിടെവച്ച് മറുപടി പറയാൻ സാധിക്കുകയില്ല.

ശ്രീ. ഇ. കെ. പിള്ള: കാളിഫിക്കേഷന്റെ കാര്യത്തിൽ ഗവൺമെന്റ് സ്ക്കൂളുകളിലും പ്രൈവറ്റ് സ്ക്കൂളുകളിലും വ്യത്യസ്തമായ സമീപനമാണോ സ്വീകരിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly